"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇന്ത്യൻ സേനയിൽ സേവനത്തിലിരിക്കെ മരണപ്പെടുന്ന അവിവാഹിതരായ ഭടന്മാരുടെ മാതാപിതാക്കളുടെയഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന ഭവനങ്ങളെ കെട്ടിട നികുതിയിൽ ഇളവ് അനുവദിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.200/2022/LSGD തീയതി,തിരുവനന്തപുരം, 26-08-2022

---

പരാമർശം:-

1. സ. ഉ (കൈ) നം.242/2013/തസ്വഭവ നമ്പർ ഉത്തരവ്
2. ശ്രീമതി ഷീലാ രാജേന്ദ്രൻ, കുളത്തൂർ, തിരുവനന്തപുരം 20.06.2022 ൽ സമർപ്പിച്ച നിവേദനം.

**<u>ഉത്തരവ്</u>**

ഇന്ത്യൻ സേനയിലെ വിമുക്തഭടന്മാർ, വിമുക്തഭടന്മാരുടെ ഭാര്യമാർ/ വിധവകൾ /ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻമാർ/ജവാൻമാരുടെ വിധവകൾ എന്നിവർ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന ഭവനങ്ങളെ വസ്തു നികുതി (കെട്ടിട നികുതി) അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി പരാമർശം (1) പ്രകാരം സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) ഇന്ത്യൻ എയർഫോഴ്സിൽ എയർമാനായിരുന്ന രാജേഷ് കേരളത്തിൽ വച്ച് മരണമടഞ്ഞു എന്നും അവിവാഹിതനായ മകന്റെ ആശ്രിതയ്ക്കുള്ള കുടുംബ പെൻഷൻ സ്വീകരിച്ചു വരുന്നുണ്ടെന്നും വിമുക്ത ഭടന്മാരുടെ വിധവകൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള കെട്ടിട നികുതിയിളവ് അവിവാഹിതനായ മകന്റെ ആശ്രിതയായ തനിക്ക് അനുവദിക്കണമെന്നും അഭ്യർത്ഥിച്ചു കൊണ്ട് ശ്രീമതി ഷീലാ രാജേന്ദ്രൻ, കുളത്തൂർ, തിരുവനന്തപുരം പരാമർശം (2) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇന്ത്യൻ സേനയിൽ സേവനം ചെയ്യവേ മരണപ്പെട്ട അവിവാഹിതനായ ഭടന്റെ മാതാപിതാക്കൾക്കുള്ളത് ഇന്ത്യൻ സേനയിലെ വിമുക്തഭടന്മാർ, വിമുക്തഭടന്മാരുടെ ഭാര്യമാർ/ വിധവകൾ /ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻമാർ/ജവാൻമാരുടെ വിധവകൾ എന്നിവർക്കുള്ളത് പോലെ തന്നെ അർഹതയുണ്ട് എന്ന് കാണുന്ന സാഹചര്യത്തിൽ ഇന്ത്യൻ സേനയിൽ സേവനം ചെയ്യവേ മരണപ്പെട്ട അവിവാഹിതനായ ഭടന്റെ മാതാപിതാക്കളുടെ യഥാർത്ഥ താമസത്തിന് ഉപയോഗിക്കുന്നതും അവരുടെ രണ്ടുപേരുടെയുമോ ഏതെങ്കിലും ഒരാളുടെയോ പേരിൽ ഉള്ള 2000 ചതുരശ്ര അടി വരെ ആകെ വിസ്തീർണ്ണമുള്ള കെട്ടിടത്തിനോ, അത്രയും അളവ് കെട്ടിടഭാഗത്തിനോ, അപേക്ഷയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

(PTO)

സ.ഉ.(കൈ) നം.200/2022/LSGD

RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഡയറക്ടർ, സൈനിക വെൽഫയർ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം

ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, കേരള വിമുക്തഭട വികസന കോർപ്പറേഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1/ആഡിറ്റ്-II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് തിരുവനന്തപുരം.

പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ്

ധനകാര്യ (ഇൻഡസ്ട്രീസ് & പി.ഡബ്ല്യൂ.എ) വകുപ്പ്

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി2/202/2022-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 27-08-2022 10:36:15**

സെക്ഷൻ ഓഫീസർ